# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.435** **9/02/2016-ൽ മറുപടിക്ക്**

**നാദാപുരം ചാത്തൻകോട് നട ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നാദാപുരം നിയോജക മണ്ഡലത്തിലെ ചാത്തൻകോട്നട ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന അനാവശ്യ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) ചാത്തൻകോട്ടു നട രണ്ടാം ഘട്ടം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 2010-ൽ ആരംഭിച്ചുവെങ്കിലും പദ്ധതിയ്ക്കാവശ്യമായ സ്വകാര്യ ഭൂമിയുടെ 32% നിർബന്ധിത അക്വിസിഷൻ വഴി കൈമാറി കിട്ടുന്നതിനുണ്ടായ കാലതാമസവും തുടർന്നുള്ള കരാറുകാരുടെ ആസൂത്രണ പിഴവുകളും സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളി ക്ഷാമവും മൂലം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) പദ്ധതി കമ്മീഷൻ ചെയ്യാൻ കാലതാമസം നേരിടുന്നതു മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതുകൊണ്ടുള്ള ഉല്പാദന നഷ്ടം യൂണിറ്റിന് 3രൂപ നിരക്കിൽഉദ്ദേശം 17.71 കോടി രൂപയാണ്. |
| (സി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഉള്ള അടങ്കൽ തുകയും നിലവിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ അടങ്കൽ തുകയും തമ്മിലുള്ള അന്തരം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) പ്രസ്തുത പദ്ധതി ആരംഭിച്ചപ്പോൾ ഉള്ള അടങ്കൽ തുക 2009 ലെ വിലനിലവാരം അനുസരിച്ച് 45.36 കോടി രൂപ ആയിരുന്നു.<br>2015-ലെ സി.പി.ഡബ്ല്യൂ.ഡി നിരക്കനുസരിച്ച് ശേഷിച്ച ജോലികൾ ചെയ്തു തീർക്കുന്നതിന് ഉദ്ദേശം 45 കോടി രൂപ |

വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ സംസ്ഥാന സർക്കാരിന് ഭീമമായ നഷ്ടം വരുത്തിയ കരാറു കാരനെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി ഇപ്പോഴത്തെ കരാർ അവസാനിപ്പിക്കുന്നതിനും ബാക്കിയുള്ള ജോലികൾ പുതുതായി ടെൻഡർ ചെയ്യുന്നതിനുമുള്ള അനുവാദത്തിനായി അപേക്ഷിച്ചുകൊണ്ടുള്ള കത്ത് കെ.എസ്.ഇ.ബി.യിൽ നിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ഇ) | നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഇ) | നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പുതിയ കരാർ നൽകിക്കഴിഞ്ഞാൽ ഉദ്ദേശം 15 മാസത്തിനകം പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ